## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2106** 17.02.2016 ൽ മറുപടിക്ക്

# ട്രെയിൻ യാത്രക്കാരുടെ സുരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | വനിതാ കോൺസ്റ്റബിൾമാർ ഉൾപ്പെടെ മൊത്തം 180 RPF (Railway Protection Force) ഉദ്യോഗസ്ഥരുടെ സേവനം കേരളത്തിലോടുന്ന 17 മെയിൽ/എക്സ്പ്രസ് ട്രെയിനുകൾക്കും 36 പാസഞ്ചർ/കമ്മ്യൂട്ടർ ട്രെയിനുകൾക്കും അകമ്പടി നല്കുവാനായി ഉപയോഗിക്കുന്നുണ്ട്. വൈകിട്ട് 6 മണിക്കും രാവിലെ 6 മണിക്കുമിടയ്ക്ക് പാസഞ്ചർ ട്രെയിനുകളിൽ സ്ത്രീകളുടെ കമ്പാർട്ട്മെന്റുകൾക്ക് പ്രത്യേക ശ്രദ്ധ നല്കിയാണ് ഈ അകമ്പടി സേവനം ഏർപ്പെടുത്തിയിരിക്കുന്നത്. SI/ASI റാങ്കിലുള്ള ഉദ്യോഗസ്ഥരെയും ട്രെയിൻ അകമ്പടിക്കായി നിയോഗിക്കുന്നുണ്ട്. വഴിയോര സ്റ്റേഷനുകളിൽ ഡ്യൂട്ടിയിലുള്ള RPF ജീവനക്കാർ വനിതാ കമ്പാർട്ട്മെന്റുകളുടെ വാതിലുകൾ ആളുകൾ കയറുന്നതിനും ഇറങ്ങുന്നതിനുമനുസരിച്ച് തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുന്നുണ്ട്. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും യാത്രക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാനും കണ്ടെത്താനും 2 RPF Crime Prevention and Detection Squads (CPDS) കൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.<br>യാത്രക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കണ്ടെത്താനും തടയാനും RPF ഉം GRP (Government Railway Police) ഉം യോജിച്ച് |

| | | | |
|---|---|---|---|
| | | | ട്രെയിനുകളിലും പരിസരങ്ങളിലും തുടർച്ചയായി സൂക്ഷ്മപരിശോധനകൾ നടത്തുന്നു. റയിൽവേയിലെ ഗസറ്റഡ് ഉദ്യോഗസ്ഥരും കീഴുദ്യോഗസ്ഥരും പ്ലാറ്റ്ഫോമുകളിലും ട്രെയിനുകളിലും RPF ഡ്യൂട്ടി കൃത്യമായി ചെയ്യുന്നു എന്ന് റയിൽവേയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മിന്നൽ പരിശോധന മുഖേന ഫലപ്രദമായി ഉറപ്പാക്കുന്നുണ്ട്.<br>പൊതുവിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി ട്രെയിനുകളിലും റയിൽവേ പരിസരങ്ങളിലും സ്ഥിരമായി റെയിഡുകൾ നടത്തി സാമൂഹ്യ വിരുദ്ധർക്കും അക്രമികൾക്കുമെതിരെ റയിൽവേ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. GRP, ലോക്കൽ പോലീസ്, NGO, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എന്നിവരുമായി ഏകോപിച്ച് റയിൽവേ Special drive കളും സംയോജിത പരിശോധനകളും വിപുലമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.<br>GRP ഉം ലോക്കൽ പോലീസും സ്ഥിരം കുറ്റവാളികളെക്കുറിച്ചും ജയിൽ മുക്തരായവരെക്കുറിച്ചുമുള്ള രഹസ്യവിവരം കൃത്യമായി അന്യോന്യം കൈമാറി അവരെ നിരീക്ഷിക്കുന്നു. സംസ്ഥാന പോലീസുമായി ചേർന്ന് 2013 ജൂലൈയിൽ റയിൽവേ 'OCTOPUS' എന്ന സുരക്ഷാ ഓപ്പറേഷൻ തിരുവനന്തപുരം സെൻട്രൽ. തിരുവനന്തപുരം പേട്ട, എറണാകുളം നോർത്ത്, എറണാകുളം സൗത്ത് എന്നീ സ്റ്റേഷനുകളിൽ നടത്തിയിരുന്നു. ഇത് സ്ഥിരമായി നടത്തുവാൻ ഉദ്ദേശിക്കുന്നു. യാത്രക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങളിലേർപ്പെടുന്ന സ്ഥിരം കുറ്റവാളികളേയും, സംശയിക്കേണ്ടവരേയും, റയിൽവേയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ കഴിഞ്ഞ് |

| | | | |
|---|---|---|---|
| | | | ജയിൽ വിമുക്തരാകുന്നവരേയും, കള്ളക്കടത്ത് സാധനങ്ങൾ കടത്തുന്നവരേയും, ഫുട്ബോർഡിൽ സഞ്ചരിക്കുന്നവരേയും, അനധികൃതമായി ട്രെയിനുകളിൽ സഞ്ചരിക്കുന്നവരേയും പൂവാലന്മാരേയും അനധികൃത വില്പക്കാരേയും കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കുന്നു.<br>റയിൽ അലർട്ട് നം. 9846200100 RPF ഹെൽപ് ലൈൻ നം. 999504000 എന്നിവ എല്ലാ പാസഞ്ചർ, എക്സ്പ്രസ് ട്രെയിനുകളിലെ കോച്ചുകൾക്കുള്ളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. യാത്രക്കാരുടെ ആവശ്യാനുസരണം കൃത്യസമയത്ത് സഹായം ലഭ്യമാക്കാൻ ഈ രണ്ട് നമ്പരുകളിലൂടെയുള്ള സേവനം 24 മണിക്കൂറും ലഭ്യമാണ്.<br>ഈ നമ്പരുകളിലേക്ക് സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാർക്ക് പരാതികൾ എസ്.എം.എസ് മുഖേന അയയ്ക്കാനുള്ള സംവിധാനവും ലഭ്യമാണ്. പരാതികൾ rpf.tvpm@yahoo.in എന്ന വിലാസത്തിലേക്ക് ഇമെയിലും ചെയ്യാവുന്നതാണ്. ഇത്തരം പരാതികളിന്മേൽ ആവശ്യമായ ശ്രദ്ധയോടെ നടപടികൾ സ്വീകരിക്കുകയും സ്ഥിരമായി നിരീക്ഷിച്ച് തുടർ നടപടികൾ എടുക്കുകയും ചെയ്യുന്നു.<br>സ്ത്രീയാത്രക്കാരുടെ സുരക്ഷ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ തുടർച്ചയായി നടത്തുന്നു. 'കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായി സ്ഥിരമായി യാത്രചെയ്യുന്ന 330 സ്ത്രീകളേയും വിദ്യാർത്ഥിനികളേയും "RPF Mitra Yojna' പദ്ധതിയിൽ "RPF Mitra' എന്ന പേരിൽ ഉൾപ്പെടുത്തി അവർക്ക് തിരിച്ചറിയൽ കാർഡുകൾ നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | റെയിൽവേ ട്രാക്കിൽ കല്ലുകളും മറ്റും നിരത്തി ട്രയിൻ അപായപ്പെടുത്തുന്നതിനുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, ലോക്കൽ പോലീസ് എന്നി വിഭാഗങ്ങളുടെ സഹകരണത്തോടെ സൂക്ഷമമായി നിരീക്ഷിച്ചും അന്വേഷിച്ചും വരുന്നുണ്ട്. കൂടാതെ നിരന്തര ബീറ്റ് പെട്രോളിംഗ് നടത്തി വരുന്നുണ്ട്. റെയിൽവേ ട്രാക്കുകൾ സുരക്ഷിതമാക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും സാമൂഹിക പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, ആർ.പി.എഫ്, കേരളാ പോലീസ് എന്നിവരെ സഹകരണത്തോടെ ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കൂടാതെ പെട്രോളിംഗ് ഡ്യൂട്ടിയും പ്രത്യേക നിരീക്ഷണങ്ങളും അന്വേഷണങ്ങളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ